(സി—ഇ) 18-6-2004-ൽ ലിസ്റ്റ് അയച്ചു കൊടുത്തിട്ടുണ്ട്.

(എഫ്) 'ഹോംകോ' എന്ന സ്ഥാപനം കേരളത്തിൽ ഒന്നു മാത്രമേ ഉള്ളൂ എന്നതിനാൽ അവിടെയുണ്ടാവുന്ന ഒഴിവുകൾ സംസ്ഥാനത്തെ പി ആന്റ് ഇ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്കും സർക്കുലേറ്റ് ചെയ്ത് ലിസ്റ്റ് ശേഖരിച്ചു മാത്രമേ ഉദ്യോഗദായകന് ലിസ്റ്റ് നൽകാൻ സാധിക്കുകയുള്ളൂ. ഈ പ്രക്രിയമൂലം കുറച്ചു കാലതാമസമുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) ലിസ്റ്റ് നൽകുന്നതിൽ കാലതാമസമുണ്ടോയെന്ന് പരിശോധിക്കുന്നതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

80 [534] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ബി) വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലുണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ താൽക്കാലിക നിയമനങ്ങൾ നിർബന്ധമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി മാത്രം നടത്താവൂ എന്ന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-4-2004 വരെ 35076 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

81 [535] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് നിയമനം നൽകി; വർഷം തിരിച്ച് വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനത്തിന് ശുപാർശ ചെയ്യുവാൻ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച സർക്കുലറുകളുടെ കോപ്പികൾ മേശപ്പുറത്തു വയ്ക്കുമോ;

(ഡി) ഈ സർക്കുലർ ലംഘിച്ച് ശുപാർശകൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(ഇ) സംസ്ഥാന സർവ്വീസിലെ ക്ലാസ്-4 വിഭാഗത്തിന്റെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ഓരോ വർഷവും വിവിധ വകുപ്പുകളിലേയ്ക്ക് അയച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ വന്നശേഷം 30-4-2004 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 35076 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	*ജോലി ലഭിച്ചവരുടെ എണ്ണം*
5/2001 മുതൽ 12/2001 വരെ . .	9992
1/2002 മുതൽ 12/2002 വരെ . .	11538
1/2003 മുതൽ 12/2003 വരെ . .	10162
1/2004 മുതൽ 4/2004 വരെ . .	3384
ആകെ . .	35076

(ബി) സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെ ഓരോതരം ഒഴിവുകൾക്കും യോഗ്യതകളും, പ്രായപരിധിയും നിശ്ചയിച്ചുകൊണ്ട് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിലവിലുള്ള നിയമ പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുന്നു. ഇതിനായി

LIBRARY ARCHIVES Kerala Legislative Assembly

മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റുകളിൽ നിന്നുമാണ് നാമനിർദ്ദേശം നൽകുന്നത്. സെലക്ട് ലിസ്റ്റുകളുടെ കാലാവധി മൂന്നു വർഷമാണ്. സെലക്ട് ലിസ്റ്റിൽ നിലവിലില്ലാത്ത ഒഴിവുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലൈവ് രജിസ്റ്ററിൽ നിന്നുമാണ് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത്. 2002-2004 വർഷത്തേക്ക് തയ്യാറാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റുകളാണ് ഇന്ന് നിലവിലുള്ളത്.

അറിയിക്കുന്ന ഒഴിവുകളുടെ 50% ഓപ്പൺ വിഭാഗത്തിനും 50% സംവരണ വിഭാഗത്തിനുമായിട്ടാണ് മാറ്റി വച്ചിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സമാനമായ ഒഴിവുകൾക്കൊന്നും പരിഗണിച്ചിട്ടില്ലാത്ത ഏറ്റവും സീനിയറായ ഉദ്യോഗാർത്ഥികളെയാണ് നിയമനത്തിന് വേണ്ടി ശുപാർശ ചെയ്തുവരുന്നത്.

(സി) ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

82 [536] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഓരോ വർഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന സംസ്ഥാനത്ത് തൊഴിൽ ലഭിച്ചവരുടെ എണ്ണം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എത്ര പേരാണ് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഡി) രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ എത്ര ശതമാനം പേർക്ക് ശരാശരി ഓരോ വർഷവും നിയമനം ലഭിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly